പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2850 29-10-2026-ൽ മറുപടിയ്ക്ക്

മാനാഞ്ചിറ – പാവങ്ങാട് റോഡ് നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. കെ. ജയന്ത്	ശ്രീ. പി. കെ. ബഷീർ (പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) മാനാഞ്ചിറ - പാവങ്ങാട് നിർദ്ദിഷ്ട റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് 13.03.2024 ന് ഭരണാനുമതി ലഭിച്ചതിനുശേഷം ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതൊക്കെയാണെന്നും ഓരോ നടപടിയുടെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

മറുപടി: കോഴിക്കോട് നഗരപാതാ വികസന പദ്ധതിയുടെ ഭാഗമായി മാനാഞ്ചിറ - പാവങ്ങാട് റോഡ് പ്രവൃത്തിക്ക് 13.03.2024 ന് തത്വത്തിൽ അംഗീകാരം ലഭിച്ചതിൻ പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് 10.12.2024 ന് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. 50 ലക്ഷം രൂപ കണ്ടിൻജൻസി ചാർജ്ജായി അനുവദിച്ചിട്ടുണ്ട്. റവന്യൂ വകുപ്പ് സ്ഥലം ഏറ്റെടുത്ത് ലഭ്യമാക്കിയ ശേഷം റോഡ് വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) 13.03.2024 ന് ഭരണാനുമതി ലഭിച്ചതിനുശേഷം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിക്കേണ്ട വിവിധ നടപടിക്രമങ്ങൾ ഏതൊക്കെയാണ്; ഓരോ നടപടിയും പൂർത്തീകരിക്കേണ്ട സാധാരണ/നിശ്ചിത സമയപരിധി എത്രയാണെന്നും വിശദീകരിക്കാമോ;

മറുപടി: 2013 ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം എൽ.എ ഓഫീസറെ നിയമിക്കുകയും, 6(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പ് സ്ഥലം ഏറ്റെടുത്ത് ലഭ്യമാക്കിയതിന് ശേഷം റോഡ് വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. റോഡ് വികസനത്തിന്റെ സമയ പരിധി റോഡ് വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്ന മുറയ്ക്ക് മാത്രമേ നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ.

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതി/ പ്രവർത്തനക്രമം എന്താണെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിശദമാക്കാമോ;

മറുപടി: മാനാഞ്ചിറ - പാവങ്ങാട് റോഡിന്റെ പ്രവർത്തനത്തിനായി അതിൽത്തി കല്ലുകൾ സ്ഥാപിച്ചിട്ടുള്ളത് പ്രകാരം റവന്യൂ അധികൃതർ സ്ഥലം ഏറ്റെടുത്ത് നൽകുന്ന മുറയ്ക്ക് മാത്രമേ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതി തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനെല്ലാം കൂടി ഒരു വർഷമെങ്കിലും സമയം വേണ്ടി വരുമെന്ന് കരുതുന്നു.

(ഡി) സ.ഉ(സാധാ) നം.17/2024/PWD തീയതി 13.03.2024 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടും തുടർനടപടികളിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതിന് ഉത്തരവാദപ്പെട്ട നടപടിക്രമങ്ങൾ/വകുപ്പുകൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

മറുപടി: 6(1) വിജ്ഞാപനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന സമയത്ത് പൊതുജനങ്ങളിൽ നിന്നുമുള്ള പരാതികൾ പരിശോധിക്കുന്നതിനും ടൌൺ പ്ലാനിംങ്ങ് ഓഫീസറുടെ സേവനം ആവശ്യമായി വന്നതിനാലും നടപടികളിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

(ഇ) പദ്ധതിയുടെ തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിനായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർദ്ദേശങ്ങളുടെ വിശദാംശവും അവ നടപ്പാക്കിയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; ഇല്ലെങ്കിൽ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകാമോ?

മറുപടി: ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ ആക്കുന്നതിന് റവന്യൂ വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ